# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം കേരള ജല അതോറിറ്റിയുടെ, പുതുതായി ആരംഭിക്കുന്ന കൊഴിഞ്ഞാമ്പാറ സെക്ഷൻ ആഫീസിന്റെ പ്രവർത്തനങ്ങൾക്കായി വിട്ടുനൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം./3307/2017/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 15/10/2017

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 31.08.2017 തീയതിയിലെ 12010 /എച്ച് &റ്റി 2/17/സി.ആർ.ഡി. നമ്പർ കത്ത്

**ഉത്തരവ്**

ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിലെ കൊഴിഞ്ഞാമ്പാറയിൽ കേരള ജല അതോറിറ്റി പുതുതായി ആരംഭിക്കുന്ന സെക്ഷൻ ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഒഴിവുള്ള കെട്ടിടം വിട്ടു നൽകാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്നും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രസ്തുത മേഖലയിൽ ടി ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നത് പ്രദേശത്തെ ജനങ്ങൾക്ക് പ്രയോജനപ്രദമാകുമെന്നതിനാൽ പ്രസ്തുത കെട്ടിടം, ടി ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് കെട്ടിട വിഭാഗം നിർണ്ണയിക്കുന്ന പ്രതിമാസ വാടക നിരക്കിൽ വാടക നിശ്ചയിച്ച് വിട്ടു നൽകാവുന്നതാണെന്നും പരാമർശ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് വളപ്പിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം കേരള ജല അതോറിറ്റി പുതുതായി ആരംഭിക്കുന്ന കൊഴിഞ്ഞാമ്പാറ സെക്ഷൻ ആഫീസിന്റെ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടവിഭാഗം നിർണ്ണയിക്കുന്ന വാടകനിരക്ക് ഈടാക്കി വിട്ടുനൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, ചിറ്റൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SHAJI T R
Date: 2017.10.17 12:42:22 IST
Reason: Approved

സെക്ഷൻ ഓഫീസർ